**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 810** **24-02-2022 - ൽ മറുപടിയ്ക്ക്**

**കോട്ടത്തറ ട്രൈബൽ സ്പെഷ്യാലിറ്റി ആശുപത്രി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഷാഫി പറമ്പിൽ ,<br>ശ്രീ. സണ്ണി ജോസഫ് ,<br>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ,<br>ശ്രീമതി കെ.കെ.രമ | | Shri K. Radhakrishnan<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) | |
| (എ) | അട്ടപ്പാടിയിലെ ആദിവാസികളുടെ ഏക ആശ്രയമായ കോട്ടത്തറ ട്രൈബൽ സ്പെഷ്യാലിറ്റി ആശുപത്രിയിൽ സി.ടി സ്കാൻ, വെന്റിലേറ്റർ സൗകര്യമുള്ള ആംബുലൻസ് അടക്കമുള്ള അടിസ്ഥാന സൗകര്യങ്ങൾ ഇല്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. കോട്ടത്തറ ഗവൺമെന്റ് ട്രൈബൽ സ്പെഷ്യാലിറ്റി ആശുപത്രിയിൽ സി.ടി. സ്കാൻ സ്ഥാപിക്കുന്നതിനുള്ള നടപടിക്രമങ്ങൾ പൂർത്തിയായി വരുന്നു. കൂടാതെ പ്രസ്തുത ആശുപത്രിയിലേക്ക് വെന്റിലേറ്റർ സജ്ജീകരിക്കാൻ സാധിക്കുന്ന ഒരു ആംബുലൻസും അനുവദിച്ച് നൽകിയിട്ടുണ്ട്. ഇനിയും ആവശ്യമുള്ള സൗകര്യങ്ങൾ അനുവദിക്കുന്നതിനായി ബന്ധപ്പെട്ട വകുപ്പുകൾക്ക് നിർദ്ദേശം നല്കിയിട്ടുണ്ട്. |
| (ബി) | നവജാത ശിശുക്കൾക്കുള്ള വെന്റിലേറ്റർ, നവജാത ശിശുക്കൾക്കുള്ള ഡോക്ടർ, പീഡിയാട്രിക് ഐ.സി.യു, ഹൃദ്രോഗ വിദഗ്ധൻ, കാത് ലാബ് സൗകര്യം എന്നിവ ലഭ്യമാക്കാൻ ആരോഗ്യ വകുപ്പുമായി ചേർന്നുകൊണ്ട് നടപടികൾ സ്വീകരിക്കുമോ എന്ന് വ്യക്തമാക്കാമോ; | (ബി) | കോട്ടത്തറ ഗവൺമെന്റ് ട്രൈബൽ സ്പെഷ്യാലിറ്റി ആശുപത്രിയിൽ നവജാത ശിശുക്കൾക്കുള്ള വെന്റിലേറ്റർ, പീഡിയാട്രിക് ഐ.സി.യു എന്നിവ നിലവിൽ സജ്ജമാണ്. ഹൃദ്രോഗ വിദഗ്ധന്റെ സേവനം ലഭ്യമാക്കുന്നതിനുള്ള നടപടികൾ കൈക്കൊണ്ടിട്ടുണ്ട്. ഇത് കൂടാതെ പാലക്കാട് ജില്ലയിലെ പട്ടികജാതി വികസന വകുപ്പിന് കീഴിലെ സർക്കാർ മെഡിക്കൽ കോളേജിലെ ഡോക്ടർമാരുടെ സേവനവും, ആംബുലൻസ് സൗകര്യവും 02.12.2021- ലെ സ.ഉ(സാധാ) നം.1041/2021/പജപവവിവ പ്രകാരം ലഭ്യമാക്കിയിട്ടുണ്ട്. ഇതിനായി ആവശ്യമായി വരുന്ന ചെലവ് പട്ടികവർഗ്ഗ വികസന വകുപ്പിൽ നിന്നും അനുവദിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. |
| (സി) | പ്രധാനപ്പെട്ട ആശുപത്രിയായിട്ടും കോട്ടത്തറ ആശുപത്രിയിൽ ലോടെൻഷൻ വൈദ്യുതി കണക്ഷൻ മാത്രമാണുള്ളതെന്നതിനാൽ സ്കാനിംഗ് അടക്കമുള്ള ടെസ്റ്റുകൾ നടത്താൻ സാധിക്കുന്നില്ലെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് പരിഹരിക്കാൻ നടപടികൾ സ്വീകരിക്കുമോ എന്ന് വ്യക്തമാക്കാമോ; | (സി) | ഉണ്ട്. കോട്ടത്തറ ആശുപത്രിയിൽ ഹൈടെൻഷൻ സ്ഥാപിക്കുന്നതിനാവശ്യമായ കെട്ടിടത്തിന്റെ നിർമ്മാണം പൂർത്തിയായി വരുന്നു. |

| | | | |
|---|---|---|---|
| (ഡി) | കോട്ടത്തറ ട്രൈബൽ ആശുപത്രി വികസിപ്പിക്കുന്നതിനു പകരം പെരിന്തൽമണ്ണ ഇ.എം.എസ് സഹകരണ ആശുപത്രി വികസിപ്പിക്കാനാണ് സർക്കാർ മുൻഗണന നൽകുന്നതെന്ന ആക്ഷേപം ഗൗരവത്തോടെ കാണുന്നുണ്ടോ; വിശദമാക്കാമോ? | (ഡി) | അത്തരം ആക്ഷേപം വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ